Draft #24 of File 4098/AD A7/2/2019/AD A 7 Approved by ASSISTANT REGISTRAR VII (ADMIN) on 07-Jan-2022 04:40 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

അന്തർസർവ്വകലാശാലാ കേന്ദ്രം- ഇന്റർനാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് & നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ) - HRTEM അനലിറ്റിക്കൽ എഞ്ചിനീയറുടെ താത്കാലിക തസ്തികയിൽ കരാർ വ്യവസ്ഥയിൽ ശ്രീ.അനു എ. സ് -നെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 269/AD A 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.01.2022

---

*പരാമർശം:*-1. 16.11.2021 ലെ വിജ്ഞാപനം നം: 4098/എഡി എ7/2019/AD A 7

2. 22.11.2021 ന്റെ നടന്ന വാക്-ഇൻ-ഇൻറർവ്യൂവിൻറെ നടപടിക്രമങ്ങൾ

3. 08.12.2021 ലെ മെമ്മോ നം:4098/എഡി എ7/2/2019/എ ഡി എ 7

4. 23.12.2021 ലെ IIUCNN ഓണററി ഡയറക്ടറുടെ കത്ത് നം.12/IIUCNN/2021-22

5.യു.ഒ നമ്പർ 6007/ADA5/2020/എം.ജി.യു തീയതി 24.12.2020

<u>**ഉത്തരവ്**</u>

അന്തർസർവ്വകലാശാലാ കേന്ദ്രമായ ഇന്റർനാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് & നാനോ ടെക്നോളജി (IIUCNN) യിലേക്ക് ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ താൽകാലികാടിസ്ഥാനത്തിൽ 'HRTEM അനലിറ്റിക്കൽ എൻജിനിയർ' നിയമനത്തിനായുള്ള വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.ടി തസ്തികയിലേക്കുള്ള നിയമനത്തിനായി ബഹു.വൈസ് ചാൻസിലർ, രജിസ്ട്രാർ, രണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ തിരഞ്ഞെടുപ്പ് സമിതി രൂപീകരിക്കുകയും ടി സമിതിയുടെ പരാമർശം(2) നടപടിക്രമങ്ങൾ മഹാത്മഗാന്ധി സർവ്വകലാശാല ആക്ട് 1985,അധ്യായം 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ബഹു: വൈസ് ചാൻസിലർ ഉത്തരവാകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുവാൻ ശ്രീ.അനു എ.എസിനു പരാമർശം (3) പ്രകാരം നിർദ്ദേശം നല്കിയിരുന്നു.

ഇതേ തുടർന്ന് ശ്രീ.അനു എ.എസ്. 23.12.2021 ന് പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചതായി പരാമർശം (4) പ്രകാരം ഐ.ഐ.യു.സി.എൻ.എൻ-ന്റെ ഓണററി ഡയറക്ടർ അറിയിച്ചു. ടിയാൾ സർവ്വകലാശാലയുമായി ഒരുവർഷ കരാർ ഉടമ്പടി ഒപ്പു വച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

Draft #24 of File 4098/AD A7/2/2019/AD A 7 Approved by ASSISTANT REGISTRAR VII (ADMIN) on 07-Jan-2022 04:40 PM - Page 2

| പേര് | തസ്തിക | വേതനം | കരാർ കാലാവധി |
|---|---|---|---|
| ശ്രീ.അന്ന എ.എസ്. | HRTEM അനലിറ്റിക്കൽ എഞ്ചിനീയർ (താത്കാലികം, കരാർ) | ₹40,000/-രൂപ പ്രതിമാസം | 1 വർഷം w.e.f. 23.12.2021 |

ഇപ്രകാരം IIUCNN ൽ താൽകാലികാടിസ്ഥാനത്തിൽ HRTEM അനലിറ്റിക്കൽ എൻജിനിയറായി ജോലിയിൽ പ്രവേശിച്ച ശ്രീ.അന്ന എ.എസ്-ന്റെ കരാർ നിയമനം ബഹു: വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. ടിയാളുടെ വേതനത്തിനായുള്ള തുക സർവ്വകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലെ "22 319 27 - Payment to Contingent Employees" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.ടി തുക പരാമർശം (5) ഉത്തരവിൽ നിർദേശിക്കും പ്രകാരം ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 (c) പ്രകാരം സ്രോതസിൽ നിന്നുള്ള നികുതി കിഴിവി (TDS) ന്ന വിധേയമായിരിക്കും .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലായി വി ജി

അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ.അന്ന എ.എസ്., IIUCNN
2. ഓണററി ഡയറക്ടർ, ഐ.ഐ.യു.സി.എൻ.എൻ
3. വൈസ് ചാൻസിലറുടെ / പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ
5. ജോയിന്റ് രജിസ്ട്രാർ-I(ഭ:വി)/ഡെപ്യൂട്ടി രജിസ്ട്രാർ(പി &ഡി)/അസിസ്റ്റന്റ് രജിസ്ട്രാർ - VII(ഭ:വി),
6. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എം.ജി.യു ഓഡിറ്റ്)
7. ഫിനാൻസ് 1/4, ഓഡിറ്റ് 1/5,
8. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ /റെക്കോർഡ്സ് സെക്ഷൻ
9. ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #24 of File 4098/AD A7/2/2019/AD A 7 Approved by ASSISTANT REGISTRAR VII (ADMIN) on 07-Jan-2022 04:40 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം